LIBRARY ARCHIVES Kerala Legislative Assembly

**ജില്ലാ പഞ്ചായത്തുകളിലെ പാരമ്പര്യേതര വൈദ്യുതി ഉല്പാദനം**

157 (5562) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, ജില്ല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജൈവ-ദ്രവ്യ ഗ്യാസ് ഫയറുകൾ സ്ഥാപിക്കുവാൻ പദ്ധതിയിട്ടിരുന്നുവോ ;

(ബി) 2009-2010 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ;

(സി) ഇതുവരെ ഏതൊക്കെ ജില്ലാ പഞ്ചായത്തുകൾ ഇത്തരം സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രാദേശികാടിസ്ഥാനത്തിൽ യുക്തമായ ബിസിനസ് മോഡലുകൾ ഉണ്ടാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് വൈദ്യുതി ബോർഡ് എന്തൊക്കെ സാങ്കേതിക സഹായങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഇ) നടപ്പ് വർഷം ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ പുതിയ സംരംഭങ്ങൾ തുടങ്ങാനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) അനെർട്ടിന്റെ വിഹിതമായി ഈ സാമ്പത്തിക വർഷം 300 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടുകൾ അന്തിമഘട്ടത്തിലാണ്.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

**പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനുള്ള ചുമതല വഹിക്കുന്ന ഏജൻസികൾ**

158 (T5563) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലഭ്യമായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പരമാവധി ചൂഷണം ചെയ്യുന്നതും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;